## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 914 — 06.06.2018-ൽ മറുപടിയ്ക്ക്

### ആദിവാസികൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വേണ്ടി സാക്ഷരതാ പരിപാടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | ആദിവാസികൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വേണ്ടി സാക്ഷരതാ പരിപാടികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും, ഈ വിഭാഗങ്ങൾക്കിടയിൽ നിരക്ഷരരുടെ എണ്ണം വർദ്ധിക്കുന്ന കാര്യം പരിശോധിക്കുമോ; | എ) | നിരക്ഷരർ വർദ്ധിച്ചു വരുന്ന സ്ഥിതിവിശേഷം നിലവിലില്ല. |
| ബി) | സംസ്ഥാന സാക്ഷരത മിഷന്റെ തുല്യതാപരിപാടി ആദിവാസികൾക്കിടയിൽ നടക്കുന്നുവെങ്കിലും ഇൻസ്ട്രക്ടർമാർ പലപ്പോഴും ആദിവാസി വിഭാഗത്തിൽ നിന്നല്ലാത്തവരായതിനാൽ ഉദ്ദേശിച്ച ഫലം കാണുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; | ബി) | സാമൂഹിക പഠന മുറി പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ള 100 കോളനികളെയാണ് സമഗ്ര ആദിവാസി സാക്ഷരതാ പരിപാടി നടത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. സാമൂഹ്യ പഠനമുറികളിൽ ഇൻസ്ട്രക്ടർ ആയി പട്ടികവർഗ്ഗക്കാരെയാണ് നിയമിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി 100 ST പ്രേരക്മാരെയും തെരഞ്ഞെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ നേതൃത്വത്തിൽ ആദിവാസി സാക്ഷരതാ പരിപാടി ശക്തമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) | പട്ടികവർഗ്ഗ വികസന വകുപ്പ് 2017-18 വർഷം കോർപ്പസ് ഫണ്ടിൽ നിന്നും പ്രസ്തുത പദ്ധതിയ്ക്ക് 370 ലക്ഷം രൂപ സംസ്ഥാന സാക്ഷരതാ മിഷന് അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>• പദ്ധതി നടപ്പിലാക്കുന്ന കോളനികളിലെ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ തുടങ്ങിയവരുടെ യോഗം ചേർന്ന് പ്രവർത്തന കലണ്ടറിന് അന്തിമരൂപം നൽകി.<br>• പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളിൽ ആദിവാസി സാക്ഷരതാ സമിതികൾ രൂപീകരിച്ചു.<br>• പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത എല്ലാ ഊരുകളിലും ഊര് സാക്ഷരതാ സമിതി രൂപീകരിച്ചു.<br>• പട്ടികവർഗ്ഗത്തിൽപ്പെട്ട 100 സമഗ്ര പ്രേരക്മാരെ തെരഞ്ഞെടുത്തു.<br>• ആദിവാസി ഇൻസ്ട്രക്ടർമാർക്കും സമഗ്ര പ്രേരക്മാർക്കും സാമൂഹ്യ സാക്ഷരതാ പരിശീലന പരിപാടി സംഘടിപ്പിച്ചു.<br>• തെരഞ്ഞെടുത്ത 100 ഊരുകളിലും സാക്ഷരതാ തുടർ വിദ്യാഭ്യാസ സർവ്വെ നടത്തി.<br>• 2018 ഏപ്രിൽ 18-ന് സാക്ഷരതാ ക്ലാസുകൾ ആരംഭിച്ചു.<br>• മുഴുവൻ പഠിതാക്കൾക്കും സാക്ഷരതാ പാഠപുസ്തകം വിതരണം ചെയ്തു. |

സെക്ഷൻ ഓഫീസർ